(ബി) 1963 ഡിസംബർ 31–ാം തീയതി എന്തായിരുന്ന വില ?

സാധനങ്ങൾ

| | |
|---|---|
| മുളകു് | ഒരു റാത്തലിനു് |
| കുവന്നുള്ളി | ,, |
| പൂടു് (ഈവള[illegible]ള്ളി) | ,, |
| മല്ലി | ,, |
| ജീരകം | ,, |
| കടുകു് | ,, |
| ഉലുവാ | ,, |
| ചെറുപയറു് | ,, |
| തുവരപ്പരിപ്പു് | ,, |
| കടല | ,, |
| ഉപ്പു് | ,, |

ഉത്തരം.

(എ, ബി) ഈ സാധനങ്ങൾക്കു് കൊച്ചി മാക്കറ്റിൽ ഉണ്ടായിരുന്ന വില വിവരം കാണിക്കുന്ന * സ്റ്റേറ്റുമെൻറ് അനുബന്ധമായി വെച്ചിരിക്കുന്നു.

ലാൻഡ് ട്രിബ്യൂണലുകൾ

69. [9] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫേപരിഷ്കരണ ബിൽ നടപ്പിൽ വരുത്തുന്നതിനെ സഹായിക്കുന്ന ട്രിബ്യൂണലുകൾ എന്നു് നടപ്പിൽ വരും;

(ബി) ഓരോ താലൂക്കിലും ഓരോ ട്രിബ്യൂണലുകൾ ഉണ്ടാകുമോ?

ഉത്തരം

(എ, ബി) ഇതേപ്പറ്റി ഒരു അവസാന തീരുമാനം എടുത്തിട്ടില്ല.

**Mr. Speaker :** Order, order. Question hour is over.

9 A. M.]

## CALLING ATTENTION UNDER RULE 61.

### Difficulties experienced by the people of Kerala in the matter of purchasing shares of the Cochin Oil Refineries Company.

**Mr. Speaker :** I have received notice under Rule 61 from Shri K. M. George. I call upon the Member to make a statement.

ശ്രീ. കെ. എം. ജോർജ്ജു് : സർ, കൊച്ചിൻ ഓയിൽ റിഫൈനറിയുടെ ഷെയർ വില്പന കമ്പനി പ്രഖ്യാപിച്ചിരിക്കുന്ന ഒരു അവസരമാണിതു്. ഈ കമ്പനിയിൽ നമ്മുടെ കേരളത്തിലെ ആളുകൾക്കു് അവരാഗ്രഹിക്കുന്നിടത്തോളം ഷെയർ വാങ്ങുന്നതിനും, അങ്ങനെ അതിൽ സഹകരിക്കുന്നതിനും ഒരു അവസരം കിട്ടാത്ത സാഹചര്യം ഉണ്ടായിരിക്കുന്നു എന്നുള്ള സങ്കടകരമായ സംഗതി ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപ്പെടുത്തുന്നതിനുവേണ്ടിയാണു് ഞാൻ ഈ നോട്ടീസ്സു് നൽകിയിട്ടുള്ളതു്. സർ, നമ്മുടെ രാജ്യത്തു് വ്യവസായവൽക്കരണ

* Appendix II

LIBRARY ARCHIVES Kerala Legislative Assembly

രണം വളരെയധികം നടന്നുകാണാൻ ഗവണ്മെന്റ് ആഗ്രഹിക്കുന്നതുപോലെ നാട്ടുകാരും ആഗ്രഹിക്കുന്നുണ്ട്. പല കാരണങ്ങളാലും നമുക്ക് കിട്ടേണ്ട വിഹിതം ഇതുവരെയും കിട്ടിയിട്ടില്ല. ഇങ്ങനെ ഏറ്റവും പ്രധാനപ്പെട്ട ഒരവസരമായി നമ്മൾ ആഗ്രഹിച്ച് കണ്ണിലെണ്ണയൊഴിച്ച് നോക്കിയിരുന്ന ഒന്നാണ് ഈ കമ്പനി. ഈ കമ്പനിയുടെ 58,000 ഓഹരികൾ പൊതുജനങ്ങൾക്ക് വിൽക്കുന്നതിന് ഉദ്ദേശിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായിട്ടാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. 100 രൂപ വിലയുള്ള 58,000 ഷെയറുകൾ മാത്രമേ പൊതുജനങ്ങൾക്ക് വിൽക്കാൻ ഇടയുള്ളൂ. ഈ ഷെയർ വിൽക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ളത് സ്റ്റേറ്റ് ബാങ്ക് ആഫ് ഇൻഡ്യ എന്ന ബാങ്കിനെയാണ്. ഈ ബാങ്കിന്റെ വളരെ കുറച്ച് ശാഖകൾ മാത്രമേ നമ്മുടെ കേരളത്തിലുള്ളൂ എന്നുള്ളത് ഒരു പരമാർത്ഥമാണ്. മറ്റു ഇതുപോലുള്ള ബാങ്കുകളുടെ കീഴിൽ ഓഹരികൾ വിൽക്കാൻ ഇടപാടു ചെയ്തിരുന്നുവെങ്കിൽ നമ്മുടെ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുമുള്ള ആളുകൾക്ക് ഷെയർ വാങ്ങുന്നതിനും, അങ്ങനെ കമ്പനിയുടെ പ്രവർത്തനത്തിൽ സാമ്പത്തികമായി സഹകരിക്കാനും സാധിക്കുമായിരുന്നു. എന്താണ് സ്റ്റേറ്റ് ബാങ്ക് ആഫ് ഇൻഡ്യ എന്ന ബാങ്കിനെ മാത്രം ഏൽപ്പിച്ചതെന്ന് മനസ്സിലാകുന്നില്ല. അതിനും പുറമെ ഏറ്റവും വിഷമകരമായിട്ടുള്ള ഒരു സംഗതി ഈ മാസം 25, 26, 27 കൊണ്ടവസാനിക്കുന്ന 3 ദിവസംകൊണ്ട് ഷെയർ വിൽക്കുന്നതിന് ഇടപാടു ചെയ്തിട്ടുള്ളതായിട്ടാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഇന്ന് സ്റ്റേറ്റ് ബാങ്ക് ആഫ് ഇൻഡ്യയുടെ ബ്രാഞ്ചുകളിൽത്തന്നെ നമ്മുടെ ആളുകൾ പണവുമായി ചെന്ന് ഷെയർ വാങ്ങുന്നതിനു ശ്രമിച്ചപ്പോൾ അവിടെ അതിനുള്ള അപേക്ഷാഫാറങ്ങൾ കിട്ടുന്നില്ല. ഇങ്ങനെ വളരെയധികം ആഗ്രഹത്തോടുകൂടി ഷെയർ എടുക്കുന്നതിനു മുന്നോട്ടു വന്നിട്ടുള്ള ആളുകൾക്ക് അപേക്ഷാ ഫാറങ്ങൾ കിട്ടാത്തതുകൊണ്ട് ഒരൊറ്റ ഷെയറും വാങ്ങുന്നതിനു സാധിച്ചിട്ടില്ല. ഇങ്ങനെ ഒരു സ്ഥിതി വരാൻ എന്താണ് കാരണമെന്ന് കൂലങ്കഷമായി അന്വേഷിക്കേണ്ടതുണ്ട്. സർ, ഇതു മനഃപൂർവ്വമായി ചെയ്തതല്ലെങ്കിലും സാഹചര്യങ്ങൾ കാണുമ്പോൾ മനഃപൂർവ്വമായല്ലേ എന്നു തോന്നിപ്പോവുകയാണ്. കേരളത്തിലെ ആളുകൾക്ക് വളരെയധികം മൂലധനശ്രുപീകരണമൊന്നും ഇവിടെ ഇല്ലെന്നുവരികിലും എത്രയും പ്രതീക്ഷയോടുകൂടി ഇങ്ങനെയുള്ള കമ്പനികളിലും, വ്യവസായശാലകളിലും തങ്ങളുടെ സംഭാവനൽകണമെന്നാഗ്രഹിക്കുന്ന ആളുകൾക്ക് അതിൽ സഹകരിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുന്നുവെന്നുള്ളതു വളരെയധികം ഖേദകരമായ സംഗതിയാണ്. ഇതു പൊതുജനങ്ങൾക്ക് വ്യവസായവൽക്കരണകാര്യത്തിൽ താൽപ്പര്യമില്ലാതാക്കുന്നതിനു വഴിതെളിക്കും. ഇതു സ്റ്റേറ്റിന്റെ പൊതുവായ താൽപ്പര്യത്തെ ബാധിക്കുന്ന കാര്യമാണ്. അതുകൊണ്ട് എന്തുകൊണ്ടാണ് സ്റ്റേറ്റ് ബാങ്ക് ആഫ് ഇൻഡ്യാമാത്രം ഷെയർ വിൽക്കുന്നതിനുള്ള ഏജൻസിയായി തിരഞ്ഞെടുത്തതെന്നും എന്തുകൊണ്ടാണ് ഇതിന്റെ ബ്രാഞ്ചുകളിൽ അപേക്ഷാ ഫാറങ്ങൾ ഇല്ലാതെപോയതെന്നും ഗവണ്മെന്റിൽനിന്നും ഏറ്റവും വേഗം അന്വേഷിക്കേണ്ടതാണ്. 27-ാം തീയതി 5 മണിയോടുകൂടി ഈ വിൽപ്പന കേരളത്തെ സംബന്ധിച്ച് അവസാനിക്കുന്നതുമാണ്. ഇങ്ങനെ വരുന്നതുകൊണ്ട് മറ്റു ബാങ്കുകളിലുംകൂടി ഷെയർ വിൽക്കുന്നതിനു വേണ്ട ഇടപാടു ചെയ്യേണ്ടതായിട്ടുണ്ട്. അതുകൊണ്ട് എന്താണ് ഇങ്ങനെ ഈ ബാങ്കിൽ മാത്രം ഷെയർ വിൽക്കാൻ ആലോചിച്ചതെന്ന് ഗവണ്മെന്റ് ഉടൻതന്നെ അന്വേഷിക്കണം. അങ്ങനെ അന്വേഷിച്ച് ഈ നാട്ടിലെ ആളുകൾക്കും അവരുടെ ആഗ്രഹാനുസരണം മൂലധനനിക്ഷേപത്തിനുള്ള സൗകര്യം ഉണ്ടാക്കണമെന്ന് ഞാൻ മന്ത്രിയോടു അപേക്ഷിക്കുകയാണ്. ഇതിനെക്കുറിച്ച് ഞാൻ കൂടുതലായിട്ടൊന്നും പറയേണ്ടതില്ല. ഈ നാട്ടിലെ ആളുകളുടെ വികാരങ്ങളെ മാനിച്ചും, അവരെക്കൂടി ഈ ഷെയർ എടുക്കുന്നതിൽ സഹകരിപ്പിച്ചും വേണ്ടതു ചെയ്യണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) : ഇന്നലെ രാവിലെ ശ്രീ. ജോർജ്ജ് ഈ വിഷയത്തെപ്പറ്റിയുള്ള നോട്ടീസ് എനിക്കു തന്നപ്പോൾതന്നെ അടിയന്തിരമായി അതിനെക്കുറിച്ച് അന്വേഷണം നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

സർ, ശ്രീ. ജോർജ്ജ് ഇവിടെ ഈ പ്രശ്നം ഉന്നയിച്ച അവസരത്തിൽ ഇവിടത്തെ സ്റ്റേറ്റ് ബാങ്ക് ആഫ് ഇൻഡ്യയുടെ ആഫീസിൽ അന്വേഷിച്ചപ്പോഴും ഈ അപേക്ഷാഫാറങ്ങൾ കിട്ടുന്നില്ല എന്നുള്ളതു് പരമാർത്ഥമാണെന്ന മനസ്സിലായി. അദ്ദേഹം ഈ വിവരം ശരിയായിട്ടുതന്നെയാണു് മനസ്സിലാക്കിയതു്. ഞാൻ അന്വേഷിച്ചപ്പോഴും അവർ എന്നെ അറിയിച്ചതു് 25–ാം തീയതി അതായതു് ഇന്നലെതന്നെ ഫാറങ്ങൾ കിട്ടിയിട്ടുണ്ടെന്നാണു്. പക്ഷേ ഇതു് മറ്റു ബാങ്കുകളുടെ ആഫീസിൽ വിൽക്കുന്നില്ല. കമ്പനിതന്നെ ചെയ്യ നിശ്ചയം സ്റ്റേറ്റ് ബാങ്ക് ആഫ് ഇൻഡ്യയുടെ ആഫീസുകളിൽനിന്നു മാത്രം ഷെയർ വിൽക്കണമെന്നായിരുന്നു. അതുകൊണ്ടു് ഞാനിപ്പോൾ ശ്രീ. ജോർജ്ജിനേയും, മെമ്പറന്മാരുടെയും, പൊതുജനങ്ങളുടെയും അറിവിനായിട്ടു പറയുകയാണു് ഇപ്പോൾ ഈ ഫാറങ്ങൾ, ഷെയർ ആപ്ലിക്കേഷൻസിനുള്ള ഫാറങ്ങൾ സ്റ്റേറ്റ് ബാങ്ക് ആഫ് ഇൻഡ്യയുടെ തിരുവനന്തപുരം ബ്രാഞ്ചിൽനിന്നും, കൊച്ചി ബ്രാഞ്ചിൽനിന്നും 25, 26, 27 ഈ തീയതികളിൽ കിട്ടുന്നതാണു്. ഇതാണു് എനിക്കു് ഇതേപ്പറ്റി ഒടുവിൽ അറിയാൻ കഴിഞ്ഞ അധികൃതമായ വിവരം

## FINANCIAL BUSINESS

### Supplementary Demands for Grants for the year 1963-64.

### Demand IV—Taxes on Vehicles

*Minister for Transport and Labour* (**Shri K. T. Achuthan**) :

Sir, I move that a Supplementary sum not exceeding Rs. 1,43,000 be granted under Demand IV-Taxes on Vehicles.

*Minister for Food and Agriculture* (**Shri E. P. Poulose**) :

Sir, I Second it.

**Mr. Speaker :** Mr. Anirudhan may speak now. The hon. Member is given five minutes.

ശ്രീ. കെ. അനിരുദ്ധൻ : സർ, ഞാൻ ഈ ഡിമാൻറിനെ എതിർക്കുകയാണു്. 3 കാര്യങ്ങൾക്കുവേണ്ടിയാണു് ഈ ഡിമാൻറു് അവതരിപ്പിച്ചിരിക്കുന്നതു്. ഒരു Weigh ബ്രിഡ്ജു് വാങ്ങുന്ന കാര്യത്തിനുവേണ്ടി, ഫെയർ സ്റ്റേജു് നിശ്ചയത്തിനുവേണ്ടിയുള്ള അഡ്മിനിസ്ട്രേഷൻ ചാർജസു്, അതുകഴിഞ്ഞു് ട്രാൻസ്പോർട്ടു് ഹൈലവൽ കമ്മിറ്റിയുടെ ഇതുപര്യന്തമുള്ള പ്രവർത്തനം. ഇതിനൊക്കെ വേണ്ടിയാണു് ഈ പണം ചെലവാക്കാൻ പോകുന്നതു്. ഈ മൂന്നു കാര്യങ്ങൾക്കുവേണ്ടിയാണു് ഇത്രയും തുക ആവശ്യപ്പെട്ടിരിക്കുന്നതു്. ഈ കാര്യത്തിൽ ഒരു Weigh bridge വാങ്ങുക എന്നുള്ളതിനെ എതിർക്കേണ്ട കാര്യമില്ലെങ്കിലും ഒരു Weigh bridge ഇല്ലാത്തതുകൊണ്ടു് ഡിപ്പാർട്ടുമെൻറിൻറെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിയുന്നില്ലെന്നു പറയുന്നതു് മനസ്സിലാകുന്നില്ല. വണ്ടികൾ, ലോറികൾ മുതലായവ ഇന്നു് ധാരാളമായി ഓവർലോഡു കയറ്റുന്നുണ്ടു്. ഒരു Weigh bridge വാങ്ങിയാൽതന്നെയും ഒരു പ്രദേശത്തു് അല്ലെങ്കിൽ കൺസ്ട്രക്ഷൻ സീസണിൽ മാത്രമേ Weigh bridge ഉപയോഗിക്കാൻ പറ്റുകയുള്ളൂ. ഇന്നു് നമ്മുടെ തിരുവനന്തപുരം പട്ടണത്തിൽതന്നെ 5 ടൺ ഭാരം മാത്രമേ കയറ്റിക്കൊണ്ടുപോകാൻ അനുമതിയുള്ളൂ. എന്നാൽ ലോറികളിൽ ചാക്കയിൽനിന്നു്, റയിൽവേ സ്റ്റേഷനുകളിൽനിന്നു്, പി. ഡബ്ലിയു. ഡി. ആഫീസിൽനിന്നു് സെക്രട്ടറിയറ്റിൻറെ നടയിൽകൂടി അതിനു നിശ്ചയിച്ചിട്ടുള്ളതിൽ കവിഞ്ഞു്, അതിൻറെ ബോഡി വിസ്തൃതിക്കപ്പുറം ലോഡു കയറ്റി, 5 ടണ്ണിനു പകരം എട്ടും, പത്തും ടൺ കയറ്റിക്കൊണ്ടു പോകുന്ന കാഴ്ച കാണാവുന്നതാണു്. നാലാം ക്ലാസിൽ പഠിക്കുന്ന കൊച്ചു കുട്ടികളോടും പലപ്രാവശ്യം കച്ചവടം ചെയ്യുന്ന കച്ചവടക്കാരോടും ചോദിച്ചാൽപോലും പത്തും പന്ത്രണ്ടും ടൺ വരുമെന്നു് പറയും. സാങ്കേതികമായ പരിജ്ഞാനമുള്ള മോട്ടോർ വെഹിക്കിൾസ് ഉദ്യോഗസ്ഥന്മാർ ഇന്നുതന്നെ ഇവരെയൊക്കെ ചെക്കുചെയ്യാൻ ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly